സർക്കാർ ആ സ്ഥലം കൈവശപ്പെടുത്തുകയും അതിന്റെ വില എനിക്കു തരുകയുംചെയ്തു.

ആ സ്ഥലത്തുണ്ടെന്ന് ശ്രീ എൻ. ജി. കർത്താ പ്രവചിച്ച ദുഷ്ട ശക്തി എന്തായിരുന്നു? അദ്ദേഹം ഉദ്ദേശിച്ചത്, ആ സ്ഥലത്തുവെച്ച് പണ്ടു ദുർമരണമടഞ്ഞ ചില വ്യക്തികളുടെ പ്രേതാത്മാക്കളെയാണ്. എന്നാൽ, അധികൃതരുടെ അനാസ്ഥയുടെ രൂപത്തിലാണ് ആ ദുഷ്ടശക്തി എനിക്ക് അനുഭവപ്പെട്ടത്. വാസ്തവത്തിൽ ജിയോ—പാതോളജിസ്റ്റുകൾ പറയുന്ന തരത്തിൽ വല്ല ഭൂഗർഭ—രശ്മി പ്രസരണങ്ങളും അവിടെയുണ്ടോ?

അവിടെ മാത്രമല്ല; നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലും. സാനിറ്റോറിയത്തിൽ സ്ഥിരമായ ജലദുർഭിക്ഷമുണ്ടാക്കുന്ന ദുഷ്ടശക്തി ഏത്?

(25 മെയ്, 1986)

# 102. തീവണ്ടിയാത്രകൾ

പടിഞ്ഞാറേ ജർമനിയിലെ ദീർഘദൂര തീവണ്ടികളിലെ ടിക്കറ്റ് പരിശോധകർക്കു നൽകുന്ന പരിശീലനത്തെക്കുറിച്ചു വായിച്ചപ്പോൾ, ഇന്ത്യയിലെ തീവണ്ടിയാത്രകളെക്കുറിച്ച് ഓർത്തുപോയി.

നമ്മുടെ തീവണ്ടികളിൽ, പകൽ ഒന്നോ, രണ്ടോ മണിക്കൂർ നീണ്ട ഹ്രസ്വദൂര—യാത്രകൾ മാത്രമേ മുൻകൂട്ടി സീറ്റ് റിസർവ് ചെയ്യാതെ നടത്താൻ കഴിയൂ എന്നതാണല്ലോ ഇന്നത്തെ നില. ദീർഘദൂര യാത്രകളും രാത്രിയിലെ യാത്രകളും മുൻകൂട്ടി സീറ്റ് റിസർവ് ചെയ്യാതെ നടത്താനുള്ള ചങ്കൂറ്റം ഇപ്പോഴും ചിലർക്ക് ഉള്ളതായി അറിയാം. അവരെ ഞാൻ അകലെനിന്നു നമസ്കരിക്കുന്നു. എനിക്ക് ഏതായാലും, ആ ധൈര്യം നഷ്ടപ്പെട്ടിട്ടു വളരെ വർഷങ്ങളായി.

മുൻകൂട്ടി സീറ്റ് റിസർവ് ചെയ്താൽത്തന്നെ യാത്ര സുഖകരമോ സുരക്ഷിതമോ ആയിക്കൊള്ളണമെന്നില്ല. നിങ്ങൾ റിസർവ് ചെയ്ത സീറ്റ് വണ്ടിയിൽ ഉണ്ടോ എന്ന്, ചിലപ്പോൾ അറിയുക, വണ്ടി വന്നതിനു ശേഷമായിരിക്കും. 'സ്ലീപ്പറുകളുള്ള ബോഗികൾ ഈ വണ്ടിയിൽ ഇണക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ, എവിടെയെങ്കിലും കയറിക്കൂടിക്കൊള്ളു' എന്ന നിർദേശം ഉദ്യോഗസ്ഥന്മാരിൽനിന്നു യാത്രക്കാർക്കു ലഭിക്കുന്നത്, ഇന്ത്യൻ തീവണ്ടികളിൽ അസാധാരണമല്ല.

ചിലപ്പോൾ, റിസർവേഷൻ കമ്പാർട്ട്മെന്റ് വണ്ടിയിലുണ്ടാകും. പക്ഷേ, നിങ്ങൾ കയറുന്ന സ്റ്റേഷനിൽനിന്നു വണ്ടിയിലെ ടിക്കറ്റ് പരിശോധകനു കൊടുത്ത റിസർവേഷൻ ലിസ്റ്റിൽ നിങ്ങളുടെ പേർ വിട്ടുപോയിരിക്കും. അപ്പോൾ, റിസർവേഷൻ കമ്പാർട്ടുമെന്റിൽനിന്നു നിങ്ങളെ ഇറക്കി ജനറൽ കമ്പാർട്ട്മെന്റിൽ അയയ്ക്കാൻ ടിക്കറ്റ് എക്സാമിനറും, റിസർവേഷൻമൂലം നിങ്ങൾക്കു ലഭിച്ച അവകാശം കൈവിടാതിരിക്കാൻ നിങ്ങളും കിണഞ്ഞു ശ്രമിക്കുന്നു. ഒടുവിൽ, ഇച്ഛാശക്തി കൂടുതലുള്ള ആൾ ജയിക്കുന്നു.

സ്റ്റേഷനിൽ വണ്ടി നിൽക്കുന്നതോടെ, ടിക്കറ്റ് എക്സാമിനർ പുറത്തിറങ്ങി പ്ളാറ്റ്ഫോമിൽ എല്ലാവർക്കും കാണാവുന്ന ഒരു സ്ഥലത്തു നിൽക്കുന്നത് ഒരു സാധാരണ കാഴ്ചയാണ്. റിസർവേഷൻ ഇല്ലാത്ത യാത്രക്കാർ സീറ്റിനോ ബെർത്തിനോ വേണ്ടി തന്നെ വന്നു വളയുന്നതിനുവേണ്ടിയാണ് എക്സാമിനർ ഇതു ചെയ്യുന്നത്. ഏതാനും നിമിഷങ്ങളി

ലേക്ക ടിക്കററ് എക്സാമിനർ സാക്ഷാൽ ദൈവവും യാത്രക്കാർ പാദദാസരായ ഭക്തരും ആയി മാറുന്നു. 'പത്രം പുഷ്പം ഫലം തോയം....' എന്തു കൊടുത്തും ദൈവത്തെ പ്രീണിപ്പിക്കുന്നതിൽ ഭക്തർ കാണിക്കുന്ന വ്യഗ്രതയും, അവരുടെ താഴ്മയും, ആശ്രിതഭാവവും, 'ദൈവ'ത്തിൻെറ സർവശക്ത നാട്യവും എല്ലാം കാണേണ്ടതാണ്.

റിസർവേഷൻ ഇല്ലാതെ, തനിക്ക് അവകാശപ്പെടാത്ത സീററിൽ കടന്നുപററിയ യാത്രക്കാരെ തള്ളിപ്പുറത്തയയ്ക്കാൻ ടിക്കററ് എക്സാമിനക്ക ചതുരുപായങ്ങളിൽ അവസാനത്തെ രണ്ടെണ്ണമായ ഭേദവും(ഭീഷണിയും) ദണ്ഡവും (ദേഹോപദ്രവം അടക്കമുള്ള ശിക്ഷകളും) പ്രയോഗിക്കേണ്ടി വരാറുണ്ട്.

പടിഞ്ഞാറേ ജർമനിയിലെ കാര്യം പറഞ്ഞാണല്ലോ തുടങ്ങിയത്. അവിടെ തീവണ്ടികളിലെ ടിക്കററ് ഇൻസ്പെക്ടർമാരെ (ടിക്കററ് എക്സാമിനർമാരെ) യാത്രക്കാരോട് മര്യാദയായി പെരുമാറേണ്ടതു് എങ്ങനെ എന്നു പഠിപ്പിക്കുവാൻ രണ്ടു് സ്റ്റാഫ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു.

അടിയും തടവും ഈ കോളേജുകളിൽ പഠിപ്പിക്കുന്നില്ല. പറയേണ്ട കാര്യം മര്യാദയായി പറയേണ്ടതെങ്ങനെ എന്നതാണു മുഖ്യമായും അവിടത്തെ പാഠ്യവിഷയം.

'എണീക്ക്, അതു റിസർവ് ചെയ്ത സീററാണ്. അവിടെ നിങ്ങൾ ഇരുന്നുകൂടാ' എന്നു പറയുന്നതിനു പകരം, 'അയ്യോ, ആ സീററ് മുൻകൂട്ടി റിസർവ് ചെയ്തുപോയല്ലോ. വരൂ, നിങ്ങൾക്ക ഞാൻ വേറേ ഇരിപ്പിടം കണ്ടുപിടിച്ചുതരാം' എന്ന രൂപത്തിലാവണം ടിക്കററ് ഇൻസ്പെക്ടരുടെ സംസാരമെന്നു് ഈ കോളേജുകളിൽ പഠിപ്പിക്കുന്നു. 'ഇതു് ഒരു ഒന്നാം ക്ലാസ്സ് കമ്പാർട്ട്മെൻറ് ആണല്ലോ, നിങ്ങളുടേതു രണ്ടാം ക്ലാസ് ടിക്കററല്ലേ? സാരമില്ല, നിങ്ങൾക്ക് ഇവിടെത്തന്നെ ഇരിക്കണമെങ്കിൽ, അധികമുള്ള ചാർജായ ....രൂപ തന്നാൽ മതിയാവും.' ഇതാവണം സമീപനം. 'പറഞ്ഞതു മനസ്സിലായില്ലേ?' എന്നാവരുതു ചോദ്യം: 'ക്ഷമിക്കണം, ഞാൻ ഒരിക്കൽക്കൂടിപ്പറയാം' എന്ന മട്ടിലാവണം.

പശ്ചിമജർമ്മനിയിൽ തീവണ്ടികൾ ഓടിക്കുന്ന 'ബുണ്ടെസ് ബാൺ' കമ്പനിയുടെ മാർക്കററിംഗ് വിഭാഗമാണ് ഈ സ്റ്റാഫ് കോളേജുകൾ നടത്തുന്നതു്. യാത്രക്കാരോട് മര്യാദയായി ഇടപെടുന്നതിനു പുറമേ, വിളക്കുകൾ, എയർകണ്ടീഷനിംഗ് മുതലായവയിലെ ചെറിയ കേടുപാടുകൾ തീർക്കാനും, തീവണ്ടി വൃത്തിയായി സൂക്ഷിക്കാനും, ടിക്കററ് പരിശോധകരെ ഈ കോളേജുകൾ പരിശീലിപ്പിക്കുന്നു. കക്കൂസ്സിൽ വെള്ളവും സോപ്പും (അതേ, സോപ്പുതന്നെ) ഉണ്ടോ, കമ്മോഡ് ഉപയോഗിച്ചശേഷം വൃത്തിയാക്കി അടച്ചിട്ടുണ്ടോ എന്നെല്ലാം ഇവർ കൂടെക്കൂടെ ചെന്നു നോക്കണം. വാതിലിൻെറ കൈപ്പിടി തുടച്ചു വൃത്തിയാക്കിയിട്ടുണ്ടോ എന്നും, ആഷ്ട്രേയിൽ ചാരം നിറഞ്ഞുവോ എന്നുമൊക്കെ ഇവർ ശ്രദ്ധിക്കണം. ടിക്കററ് പരിശോധിക്കുന്നതോടൊപ്പം, വേണ്ടിവന്നാൽ, യാത്രക്കാരുടെ ലഗ്ഗേജ് കയററാനും ഇറക്കാനും സഹായിക്കേണ്ടതുകൂടി ഇവരുടെ ചുമതലയാകുന്നു.

ഒന്നാം ക്ലാസ്സിൽ യാത്രക്കാർക്ക് ഇരിപ്പിടങ്ങളിൽ ഭക്ഷണ പാനീയങ്ങൾ എത്തിക്കുന്ന പതിവു് ജർമ്മനിയിലുണ്ട്. ഈ കേററിങ്ങിൻെറ മേൽനോട്ടം വഹിക്കാനും ടിക്കററ് ഇൻസ്പെക്ടർമാർ കടപ്പെട്ടിരിക്കുന്നു.

ജർമ്മനിയിൽ പരിശീലനം നേടിയ ആയിരത്തഞ്ഞൂറോളം ടിക്കററ് ഇൻസ്പെക്ടർമാരിൽ ഏഴു ശതമാനം സ്ത്രീകളാണത്രേ. ഒരു തീവണ്ടിയിൽ സാധാരണയായി മൂന്നു് ഇൻസ്പെക്ടർമാരാണ് ഉണ്ടാവുക.

നിഷ്കർഷിച്ചു തയ്യാറാക്കിയതാണ് ടിക്കററ് ഇൻസ്പെക്ടർമാരുടെ യൂണിഫോറം. ജർമ്മനിയിലെ ഒളിമ്പിക് കായികതാരങ്ങളുടെ യൂണി

ഫോറം നിർമ്മിച്ച തുന്നൽ വിദഗ്ധനാണ് ഇളം നീലനിറത്തിലുള്ള ഉടുപ്പുകളും ചുവന്ന ടൈയും അടങ്ങിയ ഈ പുതിയ യൂണിഫോറം സംവിധാനം ചെയ്തത്. ഈ യൂണിഫോറത്തിൽപ്പെട്ട തൊപ്പികൾ പഴയ തൊപ്പിയുടെ പകുതി കനമേയുള്ളവത്രേ. 'തലക്കനം' റെയിൽവേ ജോലിക്കാർക്കു പറ്റിയതല്ല! സ്ത്രീകളായ ടിക്കറ്റ് ഇൻസ്പെക്ടർമാരുടെ യൂണിഫോറം എയർഹോസ്റ്റസ്സുമാരുടേതുപോലെയാണ്. നീലയും ചുവപ്പുംതന്നെയാണ് അതിന്റെ നിറം.

ഇൻസ്പെക്ടർമാരുടെ പരിശീലനത്തിൽ ഓർമ്മ, കാഴ്ച, ആശയവിനിമയം, വാദപ്രതിവാദം, ചോദ്യോത്തരങ്ങൾ, സംഘർഷങ്ങളെ നേരിടേണ്ടവിധം എല്ലാം ഉൾപ്പെടും.

ടിക്കറ്റ് ഇൻസ്പെക്ടർമാർ യാത്രക്കാരിൽനിന്നു കൈമടക്ക് (ടിപ്പ്) വാങ്ങാമോ? പരിശീലനത്തിലെ ഒരു മുഖ്യവിഷയം ഇതാണ്. 'യാത്രക്കാർ എന്തെങ്കിലും കൈമടക്കു തന്നാൽ റെയിൽവേ ജോലിക്കാർ അതു വാങ്ങാതിരിക്കരുത്. വാങ്ങാതിരുന്നാൽ യാത്രക്കാർ മുഷിഞ്ഞേക്കും' എന്നാണത്രേ ഈ സ്റ്റാഫ് കോളേജുകളിൽ പഠിപ്പിക്കുന്നത്.

ഏതായാലും, യാത്രക്കാരിൽനിന്നു കൈമടക്കു ബലാൽക്കാരമായി പിടിച്ചുപറിച്ചെടുക്കാൻ അവിടെ പഠിപ്പിക്കുന്നില്ല!

'രണ്ട് ആളുകൾക്കിടയിലുള്ള ഏറ്റവും ദൂരംകുറഞ്ഞ വഴിയാണ് ഒരു പുഞ്ചിരി' എന്ന മുദ്രാവാക്യം, ഈ പരിശീലനത്തിനുള്ള പാഠപുസ്തകത്തിൽ ഒരു മുഴുപ്പേജിൽ അച്ചടിച്ചിരിക്കുന്നു.

ആ മുദ്രാവാക്യം ഒന്നുകൂടി വായിച്ചോളൂ. കഴിയുമെങ്കിൽ ഓർമയിൽ സൂക്ഷിക്കുകയും ചെയ്തോളൂ:

'രണ്ടാളുകൾക്കിടയിലുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴിയാണ് ഒരു പുഞ്ചിരി!'

(ഈ കുറിപ്പിലെ വിവരങ്ങൾ 1986 ജൂൺ 7—ാം തീയതിയിലെ 'ദി വെൽറ്റ്' എന്ന പത്രത്തിലെ ഒരു ലേഖനത്തിൽനിന്ന് എടുത്തവയാണ്.)

(24 ആഗസ്റ്റ്, 1986)

## 103. ഹാലിയുടെ ധൂമകേതു

ഹാലിയുടെ ധൂമകേതുവിനെ നിങ്ങൾ കണ്ടുവോ? ഞാൻ കണ്ടില്ല. 1985 മാർച്ചിൽ എഴുതിയ ഒരു ലേഖനത്തിൽ ഞാൻ പ്രസ്താവിച്ചിരുന്നു, 1985 നവംബറിൽ അവനെ വെറും കണ്ണുകൊണ്ടു കാണാൻ കഴിയുമെന്ന്. പക്ഷേ, സാധനങ്ങൾ ഏഴിരട്ടി വലുതാക്കി കാണിക്കുന്ന കുഴൽക്കണ്ണാടികൊണ്ടു നോക്കിയിട്ടും എനിക്ക് അവനെ കാണാൻ കഴിഞ്ഞില്ല. 1986 ഫെബ്രുവരിയിൽ ഈ ധൂമകേതു ഇത്തവണത്തെ യാത്രയിൽ ഭൂമിയോട് ഏറ്റവും അധികം അടുത്തപ്പോഴും അവൻ എന്റെ ദൃഷ്ടിയിൽനിന്ന് അകന്നുനിന്നതേയുള്ളൂ. ശാസ്ത്രസാഹിത്യ പരിഷത്തുകാരുടെ ശിക്ഷണത്തിൽ, രാത്രി ഉറക്കമിളച്ചിരുന്ന്, കുഴൽക്കണ്ണാടിയിലൂടെ നോക്കിയ ചിലർ മങ്ങിയ ഒരു പ്രകാശബിന്ദുവിന്റെ രൂപത്തിൽ അവനെ കണ്ടതായി പത്രങ്ങളിൽ റിപ്പോർട്ട്ചെയ്തിരുന്നു. ആവിധത്തിൽ ഒരു ധൂമകേതുവിനെ കാണാൻ എനിക്ക് ആഗ്രഹമില്ല. പകരം, ആകാശത്തിലുള്ള അസംഖ്യം ചെറു നക്ഷത്രങ്ങളിലൊന്നിനെ കണ്ടാൽ പോരേ? നീണ്ട വാലും പ്രകാശിക്കുന്ന തലയുമായി, ആകാശം നിറഞ്ഞു